# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 804** | **11.03.2015- ൽ മറുപടി.**

## മെഡിക്കൽ കോളേജുകൾ

**ചോദ്യം**
ശ്രീ.ബെന്നി ബഹനാൻ
ശ്രീ.കെ.അച്ചുതൻ
ശ്രീ.വർക്കല കഹാർ
ശ്രീ.വി.ഡി.സതീശൻ

**ഉത്തരം**
ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ വന്നതിന് ശേഷം ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) രണ്ട് മെഡിക്കൽ കോളേജുകൾ ആരംഭിച്ചു. മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജ് 2013-14 ലും ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇടുക്കി, 2014-15-ലും പ്രവർത്തനമാരംഭിച്ചു. കൂടാതെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് സർക്കാർ മെഡിക്കൽ കോളേജായി പ്രവർത്തിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജും സർക്കാർ മേഖലയിൽ 2014-15ൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു; എം.ബി.ബി.എസിനും എം.ഡി/എം.എസിനും എത്ര സീറ്റുകൾ ലഭ്യമായിരുന്നു; ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ്; | (ബി) 5, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ എം.ബി.ബി.എസ്സിന് 900 സീറ്റുകൾ ഉണ്ടായിരുന്നത് നിലവിൽ 1150 സീറ്റുകളായി വർദ്ധിച്ചിട്ടുണ്ട്. പാലക്കാട് പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്സ് സീറ്റുകളും 2014-15 മുതൽ ലഭ്യമാണ്. കൂടാതെ 2011-ൽ എം.ഡി/എം.എസ്സ് കോഴ്സുകൾക്ക് 430 സീറ്റുകൾ ഉണ്ടായിരുന്നു. 2015-ൽ 525 ആയി വർദ്ധിച്ചിട്ടുണ്ട്. |
| (സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കാമോ? | (സി) 6 |

സെക്ഷൻ ഓഫീസർ